AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 276/2018 22.12.2018

# കാർഷിക സംരംഭകർക്ക് മികച്ച അവസരമായിരിക്കും വൈഗ- കൃഷിമന്ത്രി

കാർഷിക സംരംഭകരാകാൻ താത്പര്യമുളള കർഷകർക്കും യുവാക്കൾക്കും മികച്ച അവസരമായിരിക്കും വൈഗ-കൃഷിഉന്നതിമേളയെന്ന് മന്ത്രി വി.എസ്. സുനിൽകുമാർ ഇന്ന് തൃശൂരിൽ ചേർന്ന വാർത്താസമ്മേളനത്തിൽ അറിയിച്ചു.

മുൻ വർഷങ്ങളിലെപ്പോലെ വൈഗ-അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും ഇത്തവണയും കൃഷിവകുപ്പ് സംഘടിപ്പിക്കുകയാണ്. കാർഷികോത്പന്ന സംസ്കരണം-മൂല്യവർദ്ധനവ് ലക്ഷ്യമിട്ട് നടത്തുന്ന മൂന്നാമത് അന്താരാഷ്ട്ര ശില്പശാല, ഇപ്രാവശ്യം ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ICAR) കൃഷി ഉന്നതിമേളയുമായി ചേർന്ന് വൈഗ-കൃഷി ഉന്നതിമേള-2018 എന്ന പേരിൽ ഡിസംബർ 27 മുതൽ 30 വരെ തൃശൂർ തേക്കിൻകാട് മൈതാനിയിൽ നടക്കുകയാണ്.

**ഡിസംബർ 27-ന് രാവിലെ 10 മണിക്ക് ബഹു. കേരള ഗവർണർ ജസ്റ്റിസ് (റിട്ട) പി. സദാശിവം ശില്പശാല ഉദ്ഘാടനം ചെയ്യും.** തുടർന്ന് നാല് ദിവസങ്ങളിലായി 3 വേദികളിൽ വ്യത്യസ്തങ്ങളായ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും ചർച്ചകളും നടക്കും. പുനർജ്ജനി, പ്രതീക്ഷ, പ്രകൃതി എന്നു പേരിട്ടിരിക്കുന്ന 3 വേദികളിലായാണ് വിഷയാവതരണങ്ങൾ നടക്കുന്നത്. **ശില്പശാലയുടെ സമാപനം ഡിസംബർ 30-ന് രാവിലെ 10 മണിക്ക് ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നിർവഹിക്കുന്നതാണ്.** അതോടൊപ്പം തന്നെ കർഷകദിനത്തിന് മാറ്റിവയ്ക്കപ്പെട്ട സംസ്ഥാന കർഷക അവാർഡ് ദാനച്ചടങ്ങും നടത്തും. കൂടാതെ ഫാം ഇൻഫർമേഷൻ ബ്യൂറോ വൈഗയുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച വിവിധ മത്സരവിജയികൾക്കുള്ള

സമ്മാനദാനം, കൃഷിവകുപ്പിന്റെ നവീകരിച്ച വെബ്സൈറ്റ് (www.karshikakeralam.gov.in) ഉദ്ഘാടനം എന്നിവയും സമാപനചടങ്ങിൽ നിർവഹിക്കപ്പെടുന്നതായിരിക്കും. വിവിധ ദിവസങ്ങളിലായി മന്ത്രിമാരായ ശ്രീ. കെ.രാജു, ശ്രീ. എ.സി.മൊയതീൻ, പ്രൊഫ. സി. രവീന്ദ്രനാഥ്, ഡോ. ടി. എം.തോമസ് ഐസക്ക് എന്നിവർ ശില്പശാലയിൽ പങ്കെടുക്കുന്ന തായിരിക്കും.

ഇത്തവണത്തെ വൈഗയുടെ പ്രധാന വിഷയങ്ങളായി തെരഞ്ഞെടുത്തിരിക്കുന്നത് റീബിൽഡ് കേരള അഥവാ പുനർജ്ജനി, പ്രധാന വിളകളായ സുഗന്ധവ്യഞ്ജനങ്ങൾ, പഴം-പച്ചക്കറികൾ, പുഷ്പകൃഷി എന്നിവയാണ്. ആദ്യ ദിവസത്തെ ഒരു വേദിയിലെ സെഷനുകൾ പൂർണ്ണമായി റീബിൽഡ് കേരള (Rebuilding Kerala – A Livelihood Perspective, Revival of Agriculture Sector in Post Flood situation, Kerala Floods – Impact on Agriculture) എന്ന വിഷയത്തെ ആസ്പദമാക്കിയാണ്. വെസ്റ്റേൺ ആസ്ട്രേലിയ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ഡോ. കദംബോട്ട് സിദ്ദിഖ് ഈ വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തും. കൃഷി ഉന്നതിമേളയുമായി ബന്ധപ്പെട്ട് മത്സ്യകൃഷി, മൃഗസംരക്ഷണം, ഹോർട്ടികൾച്ചർ എന്നീ മേഖലയിലെ മൂല്യവർദ്ധിത സാധ്യതകളെക്കുറിച്ചും വിഷയാവതരണങ്ങൾ ഉണ്ടായിരിക്കും. ഇതുകൂടാതെ എക്സ്പോർട്ട് ഓറിയന്റഡ് ക്വാളിറ്റി മാനേജ്മെന്റ്, പാക്കേജിംഗ്, മാർക്കറ്റിംഗ് സുരക്ഷാമാനദണ്ഡങ്ങൾ, നൂതന സാങ്കേതികവിദ്യകൾ തുടങ്ങി ഉത്പന്ന സംസ്കരണത്തിന്റെ വിവിധ ഘട്ടങ്ങൾ കർഷകർക്ക് പരിചയപ്പെടുത്തുന്നതിനും അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടിയുള്ള സെഷനുകൾ ഇതിന്റെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. ഇന്തോനേഷ്യ, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ നിന്നും North Eastern states, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാ എന്നീ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിദഗ്ദ്ധർ ശില്പശാലയിലും പ്രദർശനത്തിലുമായി പങ്കുചേരുന്നുണ്ട്. APEDA, CPCRI, CTCRI, NIIST, KAU (Kerala Agriculture University), NRCB ( National Research Centre for Banana ), IIFPT, Thanjavure ( Indian Institute of food processing technology), CIFT, ICRISAT, IIHR, IISR തുടങ്ങി വിവിധ സ്ഥാപനങ്ങൾ, അവിടത്തെ ശാസ്ത്രജ്ഞർ, വിദഗ്ദ്ധർ എന്നിവർ വിവിധ സെഷനുകളിൽ പങ്കെടുക്കും. വൈഗ സമാപന സമ്മേളനത്തിൽ കേരള കാർഷിക സർവകലാശാലയുടെ 2017-18 വർഷത്തെ ഗവേഷണഫലങ്ങളുടെ പ്രകാശനം ഉണ്ടായിരിക്കും. ഇതുകൂടാതെ സർവകലാശാല വികസിപ്പിച്ചെടുത്ത

നൂതന സാങ്കേതിക വിദ്യകളുടെ കൈമാറ്റവും വേദിയിൽ നടത്തും. തലമുടിയിൽ നിന്നും ലായനി രൂപത്തിലുള്ള ജൈവവളം നിർമ്മിക്കുന്നതടക്കമുള്ള സാങ്കേതിക വിദ്യകൾ യൂണിവേഴ്സിറ്റി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

കൃഷിവകുപ്പ്, അനുബന്ധ സ്ഥാപനങ്ങളായ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, സമേതി, എസ്.എഫ്.എ.സി., ഫാം ഇൻഫർമേഷൻ ബ്യൂറോ, പൊതുമേഖലാ സ്ഥാപനങ്ങളായ KAICO, KAMCO, SFCK എന്നിവരാണ് മേളയുടെ പ്രധാന സഹായികളും സംഘാടകരും.

സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, എൻ.ജി.ഒ, കർഷകർ, യുവകർഷകർ എന്നിവർ എക്സിബിഷനുകളിലും സെമിനാറുകളിലും ഭാഗമാകുന്നുണ്ട്. വിവിധ സെഷനുകൾക്ക് ഒപ്പമുള്ള experience sharing/success story വിഭാഗത്തിൽ യുവകർഷകർ, കർഷകസംരംഭകർ എന്നിവർ അവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നുണ്ട്.

ശില്പശാലയിൽ നിന്ന് ലഭിക്കുന്ന വരുമാനം പൂർണ്ണമായി മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുവാനാണ് തിരുമാനിച്ചിട്ടുള്ളത്. ഇത്തവണ പ്രവേശനത്തിന് ടിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. 20/- രൂപയാണ് ടിക്കറ്റ് നിരക്ക്. അതേസമയം വിദ്യാർത്ഥികൾക്ക് സ്കൂൾ മുഖാന്തിരം സൗജന്യ പാസ് വിതരണം ചെയ്തിട്ടുണ്ട്.

പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടായിരിക്കും ശില്പശാലയും പ്രദർശനവും നടത്തുക.

## HIGHLIGHTS

* കാർഷികോത്പന്ന സംസ്കരണം - മൂല്യ വർദ്ധനവ് ലക്ഷ്യമിട്ട് സംസ്ഥാന കൃഷി വകുപ്പ് സംഘടിപ്പിക്കുന്ന മൂന്നാമത് വൈഗ - (അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും) ഇപ്രാവശ്യം ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ കൃഷി ഉന്നതിമേളയുമായി ചേർന്ന് വൈഗ- കൃഷി ഉന്നതിമേള-2018 എന്ന പേരിൽ നടക്കുന്നു.
* 2018 ഡിസംബർ 27 മുതൽ 30 വരെ തൃശൂർ തേക്കിൻകാട് മൈതാനിയിൽ സംഘടിപ്പിച്ചിരിക്കുന്ന വൈഗയുടെ പ്രധാന വിഷയങ്ങൾ കാർഷിക കേരളത്തിന്റെ പുനർജനി,

സുഗന്ധവിളകൾ, പുഷ്പകൃഷി, പഴം-പച്ചക്കറികൾ എന്നിവയാണ്.

* ശില്പശാലയുടെ വരുമാനം മുഖ്യമന്ത്രിയുടെ പ്രളയ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി നൽകും.

* തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് തുടങ്ങി പല സംസ്ഥാനങ്ങളും മേളയിൽ പങ്കെടുക്കുന്നുണ്ട്. കൂടാതെ ആസ്ട്രേലിയ, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളിൽ നിന്നും ബന്ധപ്പെട്ട വിഷയാവതരണവുമായി വിദഗ്ദ്ധരും ശില്പശാലയുടെ ഭാഗമാകുന്നതാണ്.

* APEDA, NABARD, Kerala Agri University, Coconut Development Board, CTCRI, CDCRI, NIIST, IISR, Spices Board, National Research Centre for Banana(NRCB Trichy), Indian Institute of Food Processing Technology (IIFPT, Thanjavoor), KSPDC, IIHR, MPI, (IFT, ICRISAT തുടങ്ങിയ സ്ഥാപനങ്ങളെല്ലാം തന്നെ സാങ്കേതിക വിദ്യാദാതാക്കളായും, വിദഗ്ദ്ധർ എന്ന നിലയിലും പ്രദർശനത്തിനായും ശില്പശാലയിൽ പങ്കെടുക്കുന്നുണ്ട്.

* വിവിധ കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, ICAR, KAU, NGO എന്നിവരുടേതടക്കം 300-ൽപരം പ്രദർശന സ്റ്റാളുകളാണ് സജ്ജമായിട്ടുള്ളത്.

* പൂർണ്ണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുള്ള നടപടികളാണ് ചെയ്തിട്ടുള്ളത്.

* വിദ്യാർത്ഥികൾക്കെല്ലാം സൗജന്യ പാസ് വിതരണം ചെയ്തിട്ടുണ്ട്. മറ്റുള്ളവർക്ക് 20 രൂപയാണ് ടിക്കറ്റ് നിരക്ക്.

* ഡിസംബർ 30-ന് സമാപന സമ്മേളനത്തോടനുബന്ധിച്ച് പ്രളയം മൂലം മാറ്റി വച്ച കർഷക അവാർഡുദാനം ബഹു. കേരള മുഖ്യമന്ത്രി
ശ്രീ. പിണറായി വിജയൻ നിർവഹിക്കും. ഇതോടനുബന്ധിച്ച് കാർഷിക സർവകലാശാലയുടെ 2017-18 ലെ ഗവേഷണ റിപ്പോർട്ട് പ്രകാശനം, സാങ്കേതികവിദ്യാ കൈമാറ്റം, കൃഷിവകുപ്പിന്റെ പുതിയ വെബ്സൈറ്റ് ഉത്ഘാടനം, ഫാം ഇൻഫർമേഷൻ

ബ്യൂറോയുടെ 2019 ഫാം ഗൈഡ് പ്രകാശനം, വൈഗ മത്സര വിജയികൾക്കുള്ള സമ്മാനദാനം എന്നിവയും നടത്തും.

വാർത്താസമ്മേളനത്തിൽ ഒല്ലൂർ എം.എൽ.എ രാജൻ കെ., കൃഷിവകുപ്പ് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്. വൈഗ നോഡൽ ഓഫീസർ ജെ. ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്., കാർഷിക സർവകലാശാല എക്സ്റ്റൻഷൻ ഡയറക്ടർ ഡോ. ജിജു.പി. അലക്സ്, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**